# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 26

# വാർത്താക്കുറിപ്പ്

## ഡോ. കെ.പി. മോഹനകുമാറിന് പ്രൊഫ. ബി.കെ. ബചാവത് സ്മാരക പുരസ്കാരം

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഡയറക്ടർ ഡോ. കെ.പി. മോഹനകുമാറിന് ന്യൂറോസയൻസിലെ സമഗ്രസംഭാവനയ്ക്കുള്ള പ്രൊഫ. ബി.കെ. ബചാവത് സ്മാരക ആജീവനാന്ത പുരസ്കാരം. ന്യൂറോസയൻസ് മേഖലയുടെ വളർച്ചയ്ക്ക് നൽകിയ അക്കാദമിക സംഭാവനകളും ഓട്ടിസം, പാർക്കിൻസൺസ് രോഗം എന്നീ മേഖലകളിലെ ഗവേഷണ മികവും പരിഗണിച്ചാണ് പുരസ്കാരം. ഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടന്ന വാർഷികയോഗത്തിൽ ഇന്ത്യൻ അക്കാദമി ഓഫ് ന്യൂറോസയൻസസ് പ്രസിഡന്റ് ഡോ. ശശി ബാലസിംഗ്, ജനറൽ സെക്രട്ടറി പ്രൊഫ. പി.കെ. സേത്ത് എന്നിവർ ചേർന്ന് പുരസ്കാരം സമ്മാനിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**ഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടന്ന വാർഷികയോഗത്തിൽ ഇന്ത്യൻ അക്കാദമി ഓഫ് ന്യൂറോസയൻസസ് പ്രസിഡന്റ് ഡോ. ശശി ബാലസിംഗ്, ജനറൽ സെക്രട്ടറി പ്രൊഫ. പി.കെ. സേത്ത് എന്നിവരിൽ നിന്ന് ന്യൂറോസയൻസിലെ സമഗ്രസംഭാവനയ്ക്കുള്ള പ്രൊഫ. ബി.കെ. ബചാവത് സ്മാരക ആജീവനാന്ത പുരസ്കാരം മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഡയറക്ടർ ഡോ. കെ.പി. മോഹനകുമാർ ഏറ്റുവാങ്ങുന്നു**

(പി.ആർ.ഒ/39/2276/2019)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് (സി.എസ്.എസ്. റഗുലർ/റീഅപ്പിയറൻസ്) പരീക്ഷയുടെ സി++ പ്രാക്ടിക്കൽ ജനുവരി ആറിന് അതത് കോളേജുകളിൽ നടക്കും.

(പി.ആർ.ഒ/39/2277/2019)

അഞ്ചാം സെമസ്റ്റർ ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (2017 അഡ്മിഷൻ റഗുലർ, 2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ ഡിസംബർ 31 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2278/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ജിയോളജി (റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി ഏഴു വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2279/2019)

**എ. അരുൺ കുമാർ**